**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1923** **04-02-2026 - ൽ മറുപടിയ്ക്ക്**

**കൊല്ലം മണ്ഡലത്തിലെ കായിക പദ്ധതികളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം നിയോജക മണ്ഡലത്തിലെ 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിയുടെ നിർവ്വഹണ പുരോഗതി അറിയിക്കുമോ; | (എ) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി അരൂർ നിയോജക മണ്ഡലത്തിൽ വി. വി. എച്ച്. എസ്. എസ്. കോടംതുരുത്ത് ഫുട്ബോൾ ഗ്രൗണ്ടിന്റെ നിർമ്മാണ പ്രവൃത്തിയ്ക്ക് എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയും കായിക യുവജനകാര്യ ഡയറക്ടറുടെ പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷവും കൂടി ചേർത്ത് 1 കോടി രൂപയുടെ സമഗ്ര ഭരണാനുമതി 11.03.2024-ൽ നൽകിയിരുന്നു. സ്പോർട്സ് കേരള ഫൗണ്ടേഷൻ 88,68,000/- രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ M/s. പ്രൈംടെക് എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിന് 22.10.2024-ന് പ്രവൃത്തിയുടെ വർക്ക് ഓർഡർ നൽകുകയും 08.11.2024 ൽ കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. 14.11.2024 ൽ പ്രവൃത്തി ചെയ്യുന്നതിലേക്കായി സൈറ്റ് കൈമാറി നല്കുകയും ചെയ്തിട്ടുണ്ട്.<br><br>നിലവിലുള്ള കായിക സൗകര്യങ്ങളുടെ നവീകരണം, ഗ്രൗണ്ട് ഡെവലപ്മെന്റ് പ്രവൃത്തി, ഡ്രെയിനേജ്, ഫെൻസിംഗ്, ഇന്റർ ലോക്ക്, ഫ്ളെഡ് ലൈറ്റ്, ലൈറ്റ് പോൾ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് പ്രധാനമായും ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ 80% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ജിം ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. ഡ്രെയിനേജ്, ഫെൻസിംഗ്, ഇന്റർലോക്ക്, ലൈറ്റ് പോൾ, ഫ്ളെഡ് ലൈറ്റ് ഇലക്ട്രിക്കൽ പ്രവർത്തികൾ എന്നിവയും പൂർത്തീകരിച്ചു. മഡ് കോർട്ടിന്റെ നിർമ്മാണത്തിനാവശ്യമായ മണ്ണ് അരിക്കൽ പ്രവൃത്തി |

| | | | |
|---|---|---|---|
| | | | പുരോഗമിക്കുന്നു. പ്രവൃത്തി 25.02.2026 ന് പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. |
| (ബി) | തൃക്കരുവ പഞ്ചായത്തിലെ മിനിസ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തിയിൽ വലിയതോതിലുള്ള കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി അരൂർ നിയോജക മണ്ഡലത്തിൽ വി. വി. എച്ച്. എസ്. എസ്. കോടംതുരുത്ത് ഫുട്ബോൾ ഗ്രൗണ്ടിന്റെ നിർമ്മാണ പ്രവൃത്തിയ്ക്ക് എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയും കായിക യുവജനകാര്യ ഡയറക്ടറുടെ പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷവും കൂടി ചേർത്ത് 1 കോടി രൂപയുടെ സമഗ്ര ഭരണാനുമതി 11.03.2024-ൽ നൽകിയിരുന്നു. സ്പോർട്സ് കേരള ഫൗണ്ടേഷൻ 88,68,000/- രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ M/s. പ്രൈംടെക് എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിന് 22.10.2024-നു പ്രവൃത്തിയുടെ വർക്ക് ഓർഡർ നൽകുകയും 08.11.2024 ൽ കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. 14.11.2024 ൽ പ്രവൃത്തി ചെയ്യുന്നതിലേക്കായി സൈറ്റ് കൈമാറി നല്കുകയും ചെയ്തിട്ടുണ്ട്.<br><br>നിലവിലുള്ള കായിക സൗകര്യങ്ങളുടെ നവീകരണം, ഗ്രൗണ്ട് ഡെവലപ്മെന്റ് പ്രവൃത്തി, ഡ്രെയിനേജ്, ഫെൻസിംഗ്, ഇന്റർ ലോക്ക്, ഫ്ളെഡ് ലൈറ്റ്, ലൈറ്റ് പോൾ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് പ്രധാനമായും ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ 80% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ജിം ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. ഡ്രെയിനേജ്, ഫെൻസിംഗ്, ഇന്റർലോക്ക്, ലൈറ്റ് പോൾ, ഫ്ളെഡ് ലൈറ്റ് ഇലക്ട്രിക്കൽ പ്രവർത്തികൾ എന്നിവയും പൂർത്തീകരിച്ചു. മഡ് കോർട്ടിന്റെ നിർമ്മാണത്തിനാവശ്യമായ മണ്ണ് അരിക്കൽ പ്രവൃത്തി പുരോഗമിക്കുന്നു. പ്രവൃത്തി 25.02.2026 ന് പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. |
| (സി) | കൊല്ലം ആശ്രാമം മൈതാനത്തിലെ വാക് വേയ്ക്ക് സമീപം ഓപ്പൺ ജിംനേഷ്യം സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന് അനുമതി നൽകുമോ; വ്യക്തമാക്കാമോ? | (സി) | കൊല്ലം ആശ്രാമം മൈതാനത്തിലെ വാക് വേ -യ്ക്ക് സമീപം ഓപ്പൺ ജിംനേഷ്യം സ്ഥാപിക്കുന്നതിനായിട്ടുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ